REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 30-12-2024 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **ISRO-യുടെ ഡോക്കിംഗ് & അൺഡോക്കിംഗ് ദൗത്യം- 'സ്പേഡെക്സ്' ഇന്ന് രാത്രി വിക്ഷേപിക്കും.**
- **കൊച്ചി നെഹ്റു സ്റ്റേഡിയത്തിലെ ഗ്യാലറിയിൽ നിന്ന് വീണ് പരിക്കേറ്റ തൃക്കാക്കര MLA ഉമ തോമസിനെ വെന്റിലേറ്ററിലേക്ക് മാറ്റി.**
- **MTവാസുദേവൻ നായർക്ക് ആദരമർപ്പിക്കാൻ സാംസ്കാരിക വകുപ്പിന്റെ അനുസ്മരണ സമ്മേളനം നാളെ തിരുവനന്തപുരത്ത്.**
- **92-ാമത് ശിവഗിരി തീർത്ഥാടനത്തിന് അല്പസമയത്തിനകം തുടക്കമാകും.**
- **സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഫൈനലിൽ.**
-

## വാർത്തകൾ വിശദമായി

ബഹിരാകാശത്ത് ഉപഗ്രഹങ്ങളെ കൂട്ടി യോജിപ്പിക്കുന്ന, ISRO-യുടെ ഡോക്കിംഗ് & അൺഡോക്കിംഗ് ദൗത്യം -'സ്പേഡെക്സ്' ഇന്ന് വിക്ഷേപിക്കും. PSLV -C- 60 വിക്ഷേപണ വാഹനമാണ് 'സ്പേഡെക്സ്' മിഷൻ ഉപഗ്രഹങ്ങളെ ഭ്രമണപഥത്തിലെത്തിക്കുന്നത്. രാത്രി 9.58ന് ശ്രീഹരിക്കോട്ട സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്നാണ് വിക്ഷേപണം.

ഡെസ്ക് റിപ്പോർട്ട്...

.......വോയ്സ്..........

SDX01, SDX02 എന്നീ ഉപഗ്രഹങ്ങളെ 476 കിലോമീറ്റർ ഉയരെ ഭ്രമണപഥത്തിൽ എത്തിക്കുന്ന ദൗത്യമാണിത്. ഭ്രമണപഥത്തിൽ 10–15 കിലോമീറ്റർ ഉയരത്തിൽ എത്തിച്ച ശേഷം അകലം കുറച്ച് ഒന്നിച്ചുചേർക്കുന്ന പ്രക്രിയയായ സ്പേസ് ഡോക്കിങ് നടത്തും. പരീക്ഷണം വിജയിച്ചാൽ ബഹിരാകാശ ഡോക്കിങ് സാങ്കേതികവിദ്യ കൈവരിക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറും. അമേരിക്ക, റഷ്യ, ചൈന എന്നീ രാജ്യങ്ങൾ മാത്രമാണ് ഡോക്കിങ് സാങ്കേതികവിദ്യയിൽ ഇപ്പോൾ പ്രാവീണ്യം നേടിയിരിക്കുന്നത്.

ചന്ദ്രനിൽ നിന്ന് പാറകളും മണ്ണും എടുക്കുന്നതിനും, ചന്ദ്രോപരിതലത്തിൽ ബഹിരാകാശയാത്രികരെ ഇറക്കുന്നതിനും ഉൾപ്പെടെ ഭാവി ബഹിരാകാശ പര്യവേക്ഷണത്തിലെ ഇന്ത്യയുടെ ശ്രമങ്ങൾക്ക് ചവിട്ടുപടിയായിരിക്കും സ്പേഡെക്സ് ദൗത്യം.

✪✪✪

ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ധനമന്ത്രി നിർമല സീതാരാമൻ ഡൽഹിയിൽ ഇന്ന് വാണിജ്യ വ്യവസായ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തും.

ഉപഭോഗം വർധിപ്പിക്കാനും അതുവഴി GDP മെച്ചപ്പെടുത്താനും ആവശ്യമായ നടപടികൾ കൂടിക്കാഴ്ചയിൽ ചർച്ച ചെയ്തേക്കും.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് ഇന്ന് ഖത്തറിലെത്തും. ഖത്തർ പ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൾ റഹ്മാൻ ബിൻ ജാസിം അൽതാനിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധത്തിന്റെ വിവിധ വശങ്ങൾ അവലോകനം ചെയ്യാൻ സന്ദർശനം സഹായിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

കൊച്ചി ജവഹർലാൽ നെഹ്റു ഇൻറർനാഷണൽ സ്റ്റേഡിയത്തിലെ ഗാലറിയിൽ നിന്ന് വീണ് പരിക്കേറ്റ തൃക്കാക്കര MLA ഉമ തോമസിനെ വെന്റിലേറ്ററിലേക്ക് മാറ്റി. ഇന്നലെ വൈകിട്ട് ഗ്യാലറിയിൽ നിന്ന് 15 അടിയോളം താഴേക്ക് വീണാണ് അവർക്ക് സാരമായി പരിക്കേറ്റത്. 12,000 ത്തോളം ഭരതനാട്യ നർത്തകരെ പങ്കെടുപ്പിച്ച് ഗിന്നസ് റെക്കോർഡ് സൃഷ്ടിക്കുന്ന പരിപാടിയുടെ ഉദ്ഘാടന ചടങ്ങിന് എത്തിയപ്പോഴായിരുന്നു അപകടം.

ഉമ തോമസ് MLA യ്ക്ക് വീണ് ഗുരുതര പരിക്കേറ്റതിനെ തുടർന്ന് അവരെ പരിശോധിക്കുന്നതിനായി കോട്ടയം മെഡിക്കൽ കോളേജിൽ നിന്ന് ഡോക്ടർമാരുടെ വിദഗ്ധസംഘം സ്വകാര്യ ആശുപത്രിയിൽ എത്തിയിട്ടുണ്ട്.

സംഭവത്തോട് ബന്ധപ്പെട്ട് സംഘാടകർക്കെതിരെ പോലീസ് കേസെടുത്തു.

✪✪✪

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് കോഴിക്കോട് ജില്ലയിലെ ഫിഷിംഗ് ഹാർബറുകളിൽ സന്ദർശനം നടത്തും. രാവിലെ കൊയിലാണ്ടി ഹാർബർ സന്ദർശിക്കുന്ന അദ്ദേഹം തുടർന്ന് പുതിയാപ്പ ഹാർബറിലുമെത്തും.

✪✪✪

വർഗീയതയെ മത നിരപേക്ഷതകൊണ്ടാണ് നേരിടേണ്ടതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. ഭൂരിപക്ഷ വർഗീയത നേരിടാൻ ചില ന്യൂനപക്ഷങ്ങൾ സംഘടനകൾ രൂപീകരിക്കുന്ന പ്രവണത ശരിയല്ലെന്നും അദ്ദേഹം കൊല്ലത്ത് പറഞ്ഞു. കേരള കോൺഗ്രസ് B, തെക്കൻമേഖല സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. പാർട്ടി ചെയർമാൻ മന്ത്രി KB ഗണേഷ് കുമാർ, CPI സംസ്ഥാന ജന. സെക്രട്ടറി ബിനോയ് വിശ്വം തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

MT വാസുദേവൻ നായർക്ക് ആദരമർപ്പിക്കാൻ സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണ സമ്മേളനം നാളെ മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ടാഗോർ തിയേറ്ററിൽ വൈകിട്ട് ചേരുന്ന സമ്മേളനത്തിൽ മന്ത്രിമാരും ജനപ്രതിനിധികളും സാഹിത്യരംഗത്തെ പ്രമുഖരും MTയെ അനുസ്മരിക്കും. തുടർന്ന് സംഗീതാർച്ചനയും ഉണ്ടായിരിക്കും. പുസ്തക പ്രദർശനം, ഫോട്ടോ പ്രദർശനം, 1973-ലെ ദേശീയ സംസ്ഥാന പുരസ്കാരങ്ങൾ നേടിയ നിർമാല്യം സിനിമയുടെ പ്രദർശനം എന്നിവയും പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി സ്വർണകപ്പ് ഘോഷയാത്ര നാളെ കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട്ട് നിന്ന് ആരംഭിക്കും. എല്ലാ ജില്ലകളിലൂടെയും സഞ്ചരിച്ച് ജനുവരി മൂന്നിന് വൈകിട്ട് കലോത്സവത്തിന്റെ പ്രധാന വേദിയായ തിരുവനന്തപുരം സെൻ്റർ സ്റ്റേഡിയത്തിൽ യാത്ര എത്തിച്ചേരും. എല്ലാ ജില്ലകളിലും ഘോഷയാത്രക്ക് സ്വീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജനുവരി നാല് മുതൽ എട്ടു വരെയാണ് 63-ാമത് സ്കൂൾ കലോത്സവം.

✪✪✪

92-ാമത് ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് തുടക്കമാകും. അല്പസമയത്തിനകം ശ്രീനാരായണ ധർമസംഘം ട്രസ്റ്റ് പ്രസിഡന്റ് സച്ചിദാനന്ദസ്വാമി പതാക ഉയർത്തും. മന്ത്രി MB രാജേഷ് തീർത്ഥാടനസമ്മേളനം ഉദ്ഘാടനം ചെയ്യും. കോൺഗ്രസ് നേതാവ് രമേശ് ചെന്നത്തല, അടൂർ പ്രകാശ് MP എന്നിവരാണ് വിശിഷ്ടാതിഥികൾ. തുടർന്ന് വിദ്യാഭ്യാസ സമ്മേളനം മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. ഉച്ച കഴിഞ്ഞ് ശാസ്ത്ര-സാങ്കേതിക സമ്മേളനം മന്ത്രി KN ബാലഗോപാലാണ് ഉദ്ഘാടനം ചെയ്യുന്നത്. വൈകിട്ട് ശുചിത്വ -ആരോഗ്യ- ഉന്നത വിദ്യാഭ്യാസ സമ്മേളനവും ചേരും. വൈകിട്ട് കലാപരിപാടികളും ഉണ്ടായിരിക്കും.

✪✪✪

ശിവഗിരി തീർത്ഥാടനത്തിന് റെയിൽവേ പ്രത്യേക ട്രെയിൻ സർവീസ് ഏർപ്പെടുത്തി. ഇന്നു മുതൽ മൂന്ന് ദിവസം എറണാകുളത്തു നിന്ന് കൊച്ചുവേളിയിലേക്ക് സ്പെഷ്യൽ മെമു ട്രെയിൻ സർവീസ് നടത്തും. രാവിലെ 9.10ന് എറണാകുളത്ത് നിന്ന് യാത്ര തിരിക്കുന്ന ട്രെയിൻ ഉച്ചയ്ക്ക് 12.11-ഓടെ വർക്കല ശിവഗിരിയിൽ എത്തും. 12.45ന് കൊച്ചുവേളിയിൽ എത്തുന്ന ട്രെയിൻ 12.55ന് എറണാകുളത്തേക്ക് യാത്ര തിരിക്കും. വർക്കല ശിവഗിരിയിൽ നിന്ന് 1.26ന് പുറപ്പെട്ട് വൈകിട്ട് 4.35ന് എറണാകുളത്തെത്തും.

✪✪✪

ഇടുക്കി മുള്ളരിങ്ങാട് അമേൽതൊട്ടിയിൽ കാട്ടാന ആക്രണത്തിൽ മരിച്ച അമർ ഇലാഹിയുടെ കുടുംബത്തിന് പത്ത് ലക്ഷം രൂപ ധനസഹായം നൽകുമെന്ന് മന്ത്രി AK ശശീന്ദ്രൻ അറിയിച്ചു. തുക ഉടൻ കുടുംബത്തിന് കൈമാറും. സംഭവത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിന്ന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അമർ ഇലാഹിയുടെ മതൃദേഹം രാവിലെ മുള്ളരിങ്ങാട് ജുമാ മസ്ജിദ് കബർസ്ഥാനിൽ കബറടക്കും.

ഇന്നലെ അർദ്ധരാത്രിയോടെ ആണ് പോസ്റ്റ് മോർട്ടം പൂർത്തിയാക്കി മൃതദേഹം ബന്ധുക്കൾക്ക് കൈമാറിയത്. തൊടുപുഴ ജില്ലാ ആശുപത്രി മോർച്ചറിക്ക് മുന്നിൽ UDF-LDF പ്രവർത്തകർ പ്രതിഷേധം സംഘടിപ്പിച്ചിരുന്നു. ഇന്ന് വണ്ണപ്പുറം പഞ്ചായത്തിൽ LDF-UDF- NDA മുന്നണികൾ ആഹ്വാനം ചെയ്ത ഹർത്താൽ ആരംഭിച്ചു. വൈകിട്ട് ആറ് വരെയാണ് ഹർത്താൽ.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നു. ഇതിന്റെ ധാരണാപത്രം ഇന്ന് ഒപ്പുവെക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ....

.....(വോയ്സ്).....

ഇന്ന് ഉച്ചയ്ക്ക് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽവെച്ചാണ് ധാരണാ പത്രത്തിൽ ഒപ്പുവക്കുക . കേരള സർക്കാരിനും സിയാലിനും മറ്റ് പൊ തുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള. കണ്ണൂ രിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോ ട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്. മാർച്ച് മാസത്തോടെ സർവീസ് ആരംഭിക്കാനാണ് ശ്രമം

തുടക്കത്തിൽ ഡൽഹി മുംബൈ, ബംഗ്ളൂരു,ഹൈദരാബാദ് എന്നിവടങ്ങളിലാണ് എയർ കേരള സർവ്വീസ് നടത്തുക. രണ്ടാം ഘട്ടത്തിൽ അന്താരാഷ്ട്ര സർവ്വീസുകൾ ആരംഭിക്കും.

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോളിൽ കേരളം ഫൈനലിലെത്തി. ഹൈദരാബാദിൽ മണിപ്പൂരിനെ ഒന്നിനെതിരെ അഞ്ച് ഗോളിനാണ് കേരളം തോൽപ്പിച്ചത്. 16-ാം തവണ ഫൈനലിലെത്തുന്ന കേരളത്തിന്റെ എതിരാളികൾ 47 തവണ ഫൈനലിസ്റ്റുകളായ പശ്ചിമ ബംഗാളാണ്. ആദ്യ സെമിയിൽ സർവീസസിനെ രണ്ടിനെതിരെ നാല് ഗോളിന് തോൽപ്പിച്ചാണ് അവർ ഫൈനലിസ്റ്റുകളായത്.

78-ാം സന്തോഷ് ട്രോഫി ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ നാളെ ഇരു ടീമുകളും ഏറ്റുമുട്ടും. ഹൈദരാബാദ് ബാലയോഗി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ജംഷഡ്പൂർ FC ,കേരള ബ്ലാസ്റ്റേഴ്സിനെ പരാജയപ്പെടുത്തി. ജംഷഡ്പൂരിൽ മറുപടിയില്ലാത്ത ഒരു ഗോളിനാണ് ബ്ലാസ്റ്റേഴ്സിന്റെ തോൽവി.

ഇന്ന് മുംബൈ സിറ്റി FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകീട്ട് 7.30 ന് മുംബൈയിലാണ് മത്സരം.

✪✪✪

മകരവിളക്ക് മഹോത്സവത്തിന് ശബരിമലയിൽ വൈകിട്ട് നട തുറക്കും.

കൂടുതൽ വിവരങ്ങളുമായി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ..

.....(വോയ്സ്).....

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് ശബരിമല ശ്രീധർമ്മ ശാസ്താക്ഷേത്ര നട ഇന്ന് വൈകുന്നേരം നാലിന് തുറക്കും. തന്ത്രി കണ്ഠരര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി എസ്. അരുൺ കുമാർ നമ്പൂതിരി നടതുറന്ന് ദീപങ്ങൾ തെളിക്കും. മേൽശാന്തി സന്നിധാനത്തെ ആഴിയിൽ അഗ്നി പകരുന്നതോടെ തീർത്ഥാടകർക്ക് പതിനെട്ടാം പടി ചവിട്ടി ദർശനം നടത്താം. ജനുവരി 14നാണ് മകരവിളക്ക്. 11ന് എരുമേലി പേട്ട തുള്ളൽ നടക്കും. 12 നു പന്തളത്തു നിന്നും തിരുവാഭരണ ഘോഷയാത്ര പുറപ്പെടും. 13നു പമ്പ സദ്യയും വിളക്കും നടക്കും. 14 ന് മകരവിളക്ക് നടക്കും. 19നു രാത്രിവരെ തീർഥാടകർക്ക് ദർശനം നടത്താം. 20 ന് നട അടയ്ക്കുന്ന അന്ന് രാവിലെ രാജപ്രതിനിധിക്കു മാത്രമാകും ദർശനം അനുവദിക്കുക.

✪✪✪

കണ്ണൂർ കാനാമ്പുഴ പുനരുജ്ജീവന പദ്ധതിയുടെ ഒന്നാം ഘട്ടം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നാടിന് സമർപ്പിച്ചു. സംസ്ഥാനത്തെ ആദ്യ നദി പുനരുജ്ജീവന പദ്ധതിയാണിത്. ജനകീയ പിന്തുണ ഉണ്ടായാൽ പ്രതിസന്ധികൾ തരണം ചെയ്ത് വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാകും എന്നതിന്റെ തെളിവാണ് പദ്ധതിയെന്ന് മന്ത്രി പറഞ്ഞു.

✪✪✪

ഹരിത കേരളം മിഷന്റെ 'ഇനി ഞാനൊഴുകട്ടെ' ജനകീയ ക്യാമ്പയിനിന് കോഴിക്കോട് ജില്ലയിലും തുടക്കമായി. മേപ്പയ്യൂർ ഗ്രാമ പഞ്ചായത്തിലെ ആച്ചിക്കുളങ്ങര- കണ്ടംചിറ തോട് ശുചീകരിച്ച് TP രാമകൃഷ്ണൻ MLA പദ്ധതി ഉദ്ഘാടനം ചെയ്തു. മൈത്രി നഗർ മുതൽ നരിക്കുനി പാലം വരെ രണ്ട് കിലോമീറ്ററിലേറെ ദൂരമാണ് ആദ്യഘട്ടത്തിൽ ശുചീകരിച്ചത്.

✪✪✪

വയനാട് DCC ഖജാൻജിയുടേയും മകന്റേയും മരണത്തിന് ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്ന് BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ ആവശ്യപ്പെട്ടു. കേരളത്തിലെ സഹകരണബാങ്ക് തട്ടിപ്പുകളുടെ അവസാനത്തെ ഇരകളാണ് NN വിജയനും മകനുമെന്ന് അദ്ദേഹം തിരുവനന്തപുരത്ത് പ്രസ്താവനയിൽ പറഞ്ഞു. ആരോപണം നേരിടുന്ന IC ബാലകൃഷ്ണൻ MLA സ്ഥാനം രാജി വെച്ച് അന്വേഷണം നേരിടണമെന്നും സുരേന്ദ്രൻ ആവശ്യപ്പെട്ടു.

✪✪✪

കണ്ണൂർ ജില്ലാ കേരളോത്സവ കലാമത്സരങ്ങളിൽ 240 പോയിന്റോടെ കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ചാമ്പ്യൻമാരായി.

✪✪✪

കാസർഗോഡ് ജില്ലാതല സംരംഭക സഭ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ജനങ്ങളെ അറിയിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും വേണ്ടിയാണ് സംരംഭക സഭ ചേർന്നത്.

✪✪✪

കാസർകോട് ജില്ലാതല കേരളോത്സവത്തിൽ കാഞ്ഞങ്ങാട് ബ്ലോക്ക് ജേതാക്കളായി. E ചന്ദ്രശേഖരൻ MLA ജേതാക്കൾക്ക് ട്രോഫികൾ സമ്മാനിച്ചു.

✪✪✪